**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3224** | **14.03.2018-ൽ മറുപടിക്ക്** |
|---|---|

## സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ

| | ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്ത്രീ സുരക്ഷയ്ക്കായി ഓപ്പറേഷൻ പിങ്ക്, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്ക് എതിരെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. ബോധവൽക്കരണത്തിന്റെയും പോലീസ് പൊതുജനബന്ധം മെച്ചപ്പെട്ടതിന്റേയും ഫലമായും, കുറ്റകൃത്യങ്ങൾ ഉണ്ടായാൽ അതിൽ ഏറിയ പങ്കും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതും, റിപ്പോർട്ടാകുന്ന മുഴുവൻ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്യുന്നതും, കേസുകളുടെ വർദ്ധനയ്ക്ക് ഒരു കാരണമാണ്. കൂടാതെ വർദ്ധിച്ചുവരുന്ന മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം, സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ എന്നിവയും ഇപ്രകാരമുള്ള കേസുകളുടെ വർദ്ധനയ്ക്ക് കാരണമാകുന്നുണ്ട്. |
| (ബി) | സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ റീഡ്രസ്സൽ സെൽ രൂപീകരിച്ചിട്ടുണ്ടോ; അപ്രകാരം രൂപീകരിച്ചിട്ടുള്ള റീഡ്രസ്സൽ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിലിടങ്ങളിൽ (പൊതുമേഖല, സ്വകാര്യമേഖല) സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013 നിലവിൽ ഉണ്ട്. ടി ആക്ട് പ്രകാരം Internal Complaints Committee സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ രൂപീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം ടി നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സാമൂഹ്യനീതി ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | പിങ്ക് ബീറ്റ് പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (സി) | തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ